## കേരള ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ

## അഡീഷണൽ ഡറക്ടറുടെ (A & T) നടപടിക്രമങ്ങൾ

വിഷയം:- ആ.വ.ഡ – 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ ജെ. പി. എച്ച്. എൻ ഗ്രേഡ് - 1 ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. സക്കീന കിളിയമണ്ണിൽ, ശ്രീമതി. സുജ. എം. കെ, ശ്രീമതി. ഗിരിജ. എം. എന്നീ ജീവനക്കാരുടെ നിലവിലുള്ള സീനിയോറിറ്റി റദ്ദ് ചെയ്യും സീനിയോറിറ്റി പുനഃക്രമീകരിച്ചും പുറപ്പെടുവിക്കുന്ന ഉത്തരവ് –

പരാമർശം :- 1. ഉത്തരവ് നമ്പർ. ഇ. എസ്5-32284/17/ആ.വ.ഡ, തീയതി. 06.12.2018

2. FW(Spl. Cell) 61647/07/DHS, Dated: 10.08.2009

3. OA. 2245/2021, OA. 2246/2021 പ്രകാരമുള്ള കേസ്

4. ഇ. എസ്5-88804/2021/ആ.വ.ഡ, തീയതി. 04.02.2022 പ്രകാരമുള്ള നോട്ടീസ്

### ഉത്തരവ് നം. ഇ.എസ്5/88804/2021/ആ.വ.ഡ/തീയതി : 18/02/2022

ആരോഗ്യ വകുപ്പിൽ 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I വിഭാഗം ജീവനക്കാരുടെ അന്തിമ സീനിയോറിറ്റി പട്ടിക പരാമർശം 1 പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ എറണാകുളം ജില്ലയിലെ കോട്ടപ്പടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്–1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ഗിരിജ. എം; കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ്–1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. സുമാദേവി. എം. കെ എന്നീ ജീവനക്കാർ ഇടുക്കി ജില്ലയിൽ ജോലി ചെയ്യുന്ന ജെ. പി. എച്ച്. എൻ ഗ്രേഡ് -1 ജീവനക്കാരായ ശ്രീമതി. സക്കീന കിളിയമണ്ണിൽ, ശ്രീമതി. സുജ. എം. കെ, എന്നീ ജീവനക്കാരുടെ സീനിയോറിറ്റി സംബന്ധിച്ച ആക്ഷേപം മേൽ പരാമർശം 3 കേസുകൾ പ്രകാരം അറിയിച്ചിട്ടുണ്ട്.

ആയതിൻപ്രകാരം ശ്രീമതി. സക്കീന കിളിയമണ്ണിൽ, ശ്രീമതി. സുജ. എം. കെ, എന്നീ ജീവനക്കാരുടെ സേവനവിവരങ്ങൾ പരിശോധിച്ചതിൽ ഈ ജീവനക്കാർ കോഴിക്കോട് ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടിയിട്ടുണ്ട്. ഈ അന്തർജില്ലാ സ്ഥലംമാറ്റം പരിഗണിക്കാതെ 06.05.2000 മുതൽ 31.07.2017 വരെയുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 സീനിയോറിറ്റി പട്ടികയിൽ പി. എസ്. സി അഡ്വൈസ് തീയതി അടിസ്ഥാനമാക്കി ശ്രീമതി. സക്കീന കിളിയമണ്ണിൽ- ന് 794 എന്ന സ്ഥാനവും, ശ്രീമതി. സുജ. എം. കെ. യ്ക്ക് 795 എന്ന സ്ഥാനവും നൽകിയിട്ടുണ്ട്. ഈ ജീവനക്കാർ ജെ പി. എച്ച്. എൻ ഗ്രേഡ് - 1 പ്രൊമോഷൻ ലഭിക്കുമായിരുന്ന തീയതിക്ക് മുൻപ് അന്തർജില്ലാ സ്ഥലംമാറ്റം നേടിയതിനാൽ പി. എസ്. എസി അഡ്വൈസ് തീയതി വച്ച് സീനിയോറിറ്റി അനുവദിച്ച് നൽകാൻ കഴിയില്ല. കോഴിക്കോട് ജില്ലയിൽ നിന്ന് ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽക്കേ സീനിയോറിറ്റിക്ക് അർഹതയുള്ളൂ. ആയതിനാൽ 06.05.2000 മുതൽ 31.07.2017 വരെയുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് -1 സീനിയോറിറ്റി പട്ടികയിൽ ശ്രീമതി സക്കീനയ്ക്ക് നൽകിയിരിക്കുന്ന 794 എന്ന സ്ഥാനത്തിനും ശ്രീമതി. സുജയ്ക്ക് നൽകിയിരിക്കുന്ന 795 എന്ന സ്ഥാനത്തിനും ഇവർ അർഹരല്ല എന്ന് ബോദ്ധ്യപ്പെട്ടിരിക്കുന്നു. മാത്രവുമല്ല ജെ.പി.എച്ച്.എൻ. ഗ്രേഡ് 2 തസ്തികയിൽ നൽകിയിരുന്ന സ്ഥാനങ്ങൾ (2264, 2265) റദ്ദു ചെയ്തതായും കാണുന്നില്ല.

ഈ ജീവനക്കാർക്ക്ഇവർ ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടിയ മേൽ പരാമർശം 2 പ്രകാരമുള്ള ജെ.പി. എച്ച്. എൻ ഗ്രേഡ് – 2 സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. സക്കീനയ്ക്ക് 2264 എന്ന സ്ഥാനത്തിനും ശ്രീമതി. സുജയ്ക്ക് 2265 എന്ന സ്ഥാനത്തിനും അർഹതയുണ്ട്.

ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടിയ തീയതിയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശം 1 ജെ. പി. എച്ച്. എൻ ഗ്രേഡ് 1 പട്ടികയിൽ ശ്രീമതി. സക്കീന കിളിയമണ്ണിൽ. ന് 1920 A എന്ന സ്ഥാനവും ശ്രീമതി. സുജ യ്ക്ക് 1920 B എന്ന സ്ഥാനവും താൽക്കാലികമായി അനുവദിച്ച നൽകാനും നിലവിൽ ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീമതി. സക്കീന കിളിയമണ്ണിൽ - ന് നൽകിയിരുന്ന 794 എന്ന സ്ഥാനവും ശ്രീമതി. സുജയ്ക്ക് നൽകിയിരുന്ന 795 എന്ന സ്ഥാനവും റദ്ദ് ചെയ്യാനും തീരുമാനിച്ച് മേൽ പരാമർശം 4 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

കൂടാതെ ഗിരിജ. എം. ന്റെ ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 സീനിയോറിറ്റി പരിശോധിച്ചതിൽ ടിയാന് ഇടുക്കി ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിച്ച ആരോഗ്യ വകുപ്പ് ഡയറക്ടറുടെ FWA4-2001/2001/DHS, Dt: 21.05.2001 ഉത്തരവിന്റെ തീയതി 21.05.2001 അടിസ്ഥാനമാക്കിയാണ് ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 പട്ടികയിൽ 2231 എന്ന സ്ഥാനം നൽകിയിട്ടുള്ളത്. അന്തർജില്ലാ സ്ഥലംമാറ്റം നേടി കോഴിക്കോട് ജില്ലയിൽ നിന്നും ഇടുക്കി ജില്ലയിലെ ശാന്തൻപാറ പി. എച്ച്. സി. യിൽ ജോലിയിൽ പ്രവേശിച്ച 20.06.2001 തീയതി വച്ചാണ് ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 സീനിയോറിറ്റിക്ക് ശ്രീമതി. ഗിരിജ. എം. ന് അർഹതയുള്ളത്. ആയതിനാൽ ശ്രീമതി. ഗിരിജ. എം. ന് 21.05.2001 തീയതി വച്ച് നൽകിയ സീനിയോറിറ്റി 20.06.2001 തീയതി വച്ച് പുനഃക്രമീകരിച്ച് നൽകേണ്ടതുണ്ട്. ആയതിൻപ്രകാരം മേൽ പരാമർശം 1, 2 പ്രകാരമുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീമതി. ഗിരിജ. എം. ന് യഥാക്രമം നൽകിയിരുന്ന 1904, 2231 എന്നീ സ്ഥാനങ്ങൾ റദ്ദ് ചെയ്ത്; ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 20.06.2001 തീയതി അടിസ്ഥാനമാക്കി ശ്രീമതി. ഗിരിജ. എം. ന്21.01.1994 മുതൽ 31.12.2006 വരെയുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 പട്ടികയിൽ 2259 A എന്ന സ്ഥാനവും 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I പട്ടികയിൽ 1917 A എന്ന സ്ഥാനവും അനുവദിച്ച നൽകി പരാമർശം 4 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശിച്ച പ്രകാരം ടി വ്യക്തികൾക്ക് സീനിയോറിറ്റി നിശ്ചയിച്ച് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപങ്ങളോ പരാതിയോ ഉണ്ടെങ്കിൽ സമർപ്പിക്കാൻ കൃത്യമായ സമയം നൽകിയിരുന്നു. എന്നാൽ ഈ സമയപരിധിക്കകം ഈ ജീവനക്കാർക്ക് സീനിയോറിറ്റി പുനഃക്രമീകരിച്ച് നൽകുന്നതിനെതിരെ അപ്പീലുകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

ആയതിനാൽ ഇടുക്കി ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നേടിയ തീയതിയുടെ അടിസ്ഥാനത്തിൽ മേൽ പരാമർശം (1)ജെ. പി. എച്ച്. എൻ ഗ്രേഡ് 1 പട്ടികയിൽ ശ്രീമതി. സക്കീന കിളിയമണ്ണിൽ. ന് 1920 A എന്ന സ്ഥാനവും ശ്രീമതി. സുജ യ്ക്ക് 1920 B എന്ന സ്ഥാനവും അനുവദിച്ച നൽകാനും നിലവിൽ ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീമതി. സക്കീന കിളിയമണ്ണിൽ -ന് നൽകിയിരുന്ന 794 എന്ന സ്ഥാനവും ശ്രീമതി. സുജയ്ക്ക് നൽകിയിരുന്ന 795 എന്ന സ്ഥാനവും റദ്ദ് ചെയ്യാനും തീരുമാനിച്ച് ഇതിനാൽ ഉത്തരവാകുന്നു.

കൂടാതെ മേൽ പരാമർശം 1, 2 പ്രകാരമുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 1 പട്ടികയിൽ ശ്രീമതി. ഗിരിജ. എം. ന് യഥാക്രമം നൽകിയിരുന്ന 1904, 2231 എന്നീ സ്ഥാനങ്ങൾ റദ്ദ് ചെയ്ത്; ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച 20.06.2001 തീയതി അടിസ്ഥാനമാക്കി ശ്രീമതി. ഗിരിജ. എം. ന്21.01.1994 മുതൽ 31.12.2006 വരെയുള്ള ജെ. പി. എച്ച്. എൻ ഗ്രേഡ് – 2 പട്ടികയിൽ 2259 A എന്ന സ്ഥാനവും 06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I പട്ടികയിൽ 1917 A എന്ന സ്ഥാനവും അനുവദിച്ച നൽകി ഇതിനാൽ ഉത്തരവാകുന്നു. പരാമർശം 1, 2 ഉത്തരവുകൾ മേൽ ഭേദഗതി പ്രകാരം നിലനിൽക്കുന്നതുമാണ്.

വിശദമായ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)

ഡോ. റീന. കെ. ജെ

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (A&T)

സ്വീകർത്താവ്

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
(ആരോഗ്യവകുപ്പ് വെബ് സൈറ്റ് മുഖേന)
2. മേൽ ജീവനക്കാർക്ക്
3. സൂപ്രണ്ട്, FWA സെക്ഷൻ
4. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്

അനുബന്ധം A

06.05.2000 മുതൽ 31.07.2017 വരെയുള്ള കാലയളവിലെ JPHN Gr. I സീനിയോറിറ്റി പട്ടികയിൽ (Order No. ES5/32284/17/DHS, Dated: 06.12.2018)

സ്ഥാനം പുനഃക്രമീകരിച്ച് പ്രസിദ്ധീകരിക്കുന്ന പട്ടിക

| Sl. No. | Name | PEN No | Date of Birth | Qualification | PSC Advice No. & Date | Date of Joining | Order of promotion as JPHN Gr. I | Period 21.01.1994 to 31.12.2006 | | | PERIOD 06.05.2000 TO 31.07.2017 | | | Remarks |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | Existing rank No. Gr. II | New rank No. Gr. II | Date assigned JPHN Gr. II | Existing rank No. JPHN Gr.I | New rank No. JPHN Gr. I | Date assigned JPHN Gr.I | |
| 1 | Sakkeena Kiliyamannil | 332555 | 17-12-1968 | SSLC/ ANM | DII(10)944/94 /KPSC, Kozhikode Dt: 21.11.1997 | 28-03-1998 | FWA4-19888/2014/ DHS, Dt: 01.03.2016 | 944 A | 2264 | 25-06-2001 | 794 | 1920 A | 22-11-2011 | Seniority reassigned from794 to 1920 (A), IDT From Kozhikode to Idukki joined on 25.06.2001 |
| 2 | Suja. M. K | 328503 | 30-05-1967 | SSLC/ ANM | DII(10)944/94 /KPSC, Kozhikode Dt: 21.11.1997 | 25-03-1998 | FWA4-19888/2014/ DHS, Dt: 01.03.2016 | 944 B | 2265 | 25-06-2001 | 795 | 1920 B | 22-11-2011 | Seniority reassigned from 795 to1920 B, IDT From Kozhikode to Idukki joined on 25.06.2001 |
| 3 | Girija . M | 329053 | 11-04-1970 | SSLC/ ANM | DII(10)944/94 /KPSC, Kozhikode Dt: 21.11.1997 | 24-03-1998 | FWA4-19888/2014/ DHS, Dt: 01.03.2016 | 2231 | 2259 A | 20-06-2001 | 1904 | 1917(A) | 22-11-2011 | Seniority reassigned from 1904 to1917 A, IDT From Kozhikode to Idukki joined on 20.06.2001 |

Sd/-

Dr. Reena. K. J

Additional Director (A & T)

//Forwarded//

Senior Superintendent